മുതലാണ്. ആയത് കൃത്യമായി കണക്കാക്കാനും കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിലേക്കായി റവന്യൂ റിക്കവറി നടപടികളും മറ്റ് നിയമപരമായ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മദ്യക്കമ്പനികളുടെ നികുതിബാധ്യത 5-1-1999 മുതലാക്കി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ, ഓരോ മദ്യക്കമ്പനിയും 5-1-1999 മുതൽ നൽകാനുള്ള നികുതി കുടിശ്ശിക കണക്കാക്കിവരുകയാണ്.

(ഡി) ഉണ്ട്.

(ഇ) സുപ്രീം കോടതിയുടെ 6-5-2005-ലെ വിധിയുടെ അടിസ്ഥാനത്തിൽ മദ്യക്കമ്പനികളിൽനിന്നും ലഭിക്കേണ്ട തുക പിരിച്ചെടുക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. ഓരോ കമ്പനിയിൽനിന്നും പിരിഞ്ഞുകിട്ടേണ്ട തുകയുടെ വിവരം കണക്കാക്കിവരുന്നു.

ബഡ്ജറ്റ് കമ്മി കുറയ്ക്കാൻ നടപടി

*24 [175] *ശ്രീ. നാലകത്തു സൂപ്പി:*
,, പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റിന്റെ ബഡ്ജറ്റ് കമ്മി എത്രയായിരുന്നു;

(ബി) കമ്മി കുറച്ചുകൊണ്ടുവരുന്നതിന് ഗവൺമെന്റ് എന്തൊക്കെയാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിന്റെ ഭാഗമായി നടപ്പാക്കിയ ട്രഷറി നിയന്ത്രണങ്ങൾ, വികസന പ്രവർത്തനങ്ങൾക്കുള്ള തുകകൾ നൽകുന്നതിനും ബാധകമാക്കിയിരുന്നോ;

(ഡി) നിയന്ത്രണം നീക്കി ഇവ നൽകുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡം എന്തൊക്കെയാണ്;

(ഇ) ഈ നടപടികൾമൂലം കമ്മിയിൽ എത്രമാത്രം കുറവുണ്ടായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ 31-3-2001-ലെ റവന്യൂ കമ്മി 3147.06 കോടി രൂപയും ധനകമ്മി 3877.81 കോടി രൂപയും ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായവിധം കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തികനയം നടപ്പാക്കിക്കൊണ്ടും ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷാംഗികമോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ട് 2003 പുറപ്പെടുവിച്ചു.

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് 2003 നടപ്പിലാക്കിയിട്ടുണ്ട്.

കഴിഞ്ഞ പദ്ധതികാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽമാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും അവയിൽനിന്നും അധിക വരുമാനം ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുവാനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാധ്യതയും ഉണ്ടാകാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടാക്സ്-ജി.എസ്.ഡി.പി. അനുപാതവും നോൺ ടാക്സ്-ജി.എസ്.ഡി.പി. അനുപാതവും മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുവാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡബ്റ്റ് സ്വാപ്പ് സ്കീം പ്രകാരം ഉയർന്ന പലിശനിരക്കിൽ എടുത്ത വായ്പകൾ കുറഞ്ഞ നിരക്കിൽ പലിശയുള്ള വായ്പകളായി മാറ്റിക്കൊണ്ടിരിക്കുന്നു.

(സി) സംസ്ഥാന സർക്കാർ കമ്മി കുറയ്ക്കുന്നതിനായി ട്രഷറി ഇടപാടുകൾക്ക് പ്രത്യേക നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വർഷങ്ങളായി ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കമ്മി കുറയ്ക്കുന്നതിനായി ട്രഷറി ക്രമീകരണങ്ങൾ ഏർപ്പെടുത്താറില്ല.

(ഡി) & (ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly